PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Wednesday, *the 25th October 1950*

Vol. II] OFFICIAL REPORT [No. 5

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Wednesday, the 25th October, 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate the numbers in the list of admitted questions for the day]

Oral Answers

ഹൈസ്കൂളുകൾ

*൨൪൦. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സ്ഥിരവർഷത്തിൽ എത്ര ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ടു;

(ബി) എന്തു വ്യവസ്ഥയിന്മേലാണു ഹൈസ്കൂളുകൾ അനുവദിച്ചിട്ടുള്ളതു;

(സി) യാതൊരു ഉപാധിയും കൂടാതെ ഏതെങ്കിലും ഹൈസ്കൂൾ ഇക്കൊല്ലം അനുവദിച്ചിട്ടുണ്ടോ;

(ഡി) ഉപാധിയിന്മേൽ അനുവദിച്ചിട്ടുള്ള ഏതെങ്കിലും ഹൈസ്കൂളിന്റെ ഉപാധി തീർക്കുകയോ ഭേദഗതിചെയ്കയോ ചെയ്തിട്ടുണ്ടോ?

†ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആകെ പുതിയ സ്കൂളുകൾ. ഡിപ്പാർട്ടുമെന്റൽ ഫണ്ട്, പ്രൈവറ്റ് മാനേജർ.

(ബി) ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളുകൾക്കു മിഡിൽ, ഹൈസ്കൂൾ ഫാറങ്ങൾക്കു ആവശ്യമായ സ്ഥലവും കെട്ടിടവും തയാറാക്കി സർക്കാരിൽ ഏല്പിക്കുകയോ, അല്ലെങ്കിൽ ഫോർത്തുഫാറത്തിനുള്ള സ്ഥലവും കെട്ടിടവും ഏല്പിക്കുകയും, കൂടാതെ പതിനായിരം രൂപാ ബങ്കിനാവിൽ കെട്ടുകയും ചെയ്കയോ വേണ്ടതാണു.

പ്രൈവറ്റ് ഹൈസ്കൂളുകൾക്കു എഡ്യുക്കേഷൻ കോഡനുസരിച്ചുള്ള നിബന്ധനകൾ അനുസരിക്കണമെന്നുള്ള വ്യവസ്ഥകളിൽ.

(സി) ഈ ആണ്ടു അനുവദിച്ചിട്ടുള്ള ഫണ്ട് ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളുകളിൽ താഴെ പറയുന്ന നാലു സ്കൂളുകൾ മേൽവിവരിച്ചിട്ടുള്ള വ്യവസ്ഥയിലല്ല അനുവദിച്ചിട്ടുള്ളതു.

(൧) അട്ടക്കുളങ്ങര ഹൈസ്കൂൾ, തിരുവനന്തപുരം സിറ്റി.

(൨) കഴിമതിക്കാട്ടു ഹൈസ്കൂൾ, കൊട്ടാരക്കര.

(൩) ചെറിയഴീക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി.

(൪) കൊല്ലം ഗവർമെന്റു ഹൈസ്കൂൾ, കൊല്ലം.

† The Chief Minister answered the questions for the Minister for Education and Civil Supplies who was not present.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. കടമാളൂർ ഹൈസ്കൂൾ. ഈ ഹൈസ്കൂൾ അനുവദിച്ച വ്യവസ്ഥയിൽ ഒരു ഭേദഗതി അനുവദിച്ചിട്ടുണ്ട്. കെട്ടിവയ്ക്കേണ്ട തുകയുടെ ഒരു ക്ലിപ്തഭാഗത്തിനു പകരം സ്കൂളിനോട് തൊട്ടുകിടക്കുന്ന സ്ഥലം നാട്ടുകാർ വാങ്ങി സർക്കാരിലേക്ക് എല്പിച്ചുകൊള്ളാമെന്ന വ്യവസ്ഥ ഗവൺമെണ്ടംഗീകരിച്ച് തുകയുടെ ഒരു ഭാഗം ഇളവുചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: എത്ര രൂപാകൊണ്ടായിരിക്കണം വസ്തു വാങ്ങിക്കേണ്ടതു?

ശ്രീ. ടി. കെ. നാരായണപിള്ള: കടമാളൂർ ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം ൫,൪൦൦ രൂപാ അവർ കെട്ടിവെച്ചിട്ടുണ്ട്. ബാക്കി ൫,൪൦൦ രൂപാ കെട്ടിവെക്കുന്നതിനു പകരം ഇപ്പോൾ സ്കൂളിനു തൊട്ടുകിടക്കുന്ന വിലക്കുറ്റതല്ലുള്ള ഉദ്ദേശം ൫൫ സെൻറുള്ള സ്ഥലം നാട്ടുകാർ വിലക്കു വാങ്ങിച്ച് സർക്കാരിലേക്കു കൊടുത്തുകൊള്ളാമെന്നും അതിനു് ൫,൪൦൦ രൂപാ വിലവരുമെന്നും കണക്കാക്കിയിരിക്കുന്നു.

ശ്രീ. പി. നാണു: നാലു ഹൈസ്കൂളുകൾക്കു യാതൊരുപാധിയും വേണ്ടെന്നു തീരുമാനിച്ചതു് എന്തുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കടമാളൂർ ഹൈസ്കൂളിനെ സംബന്ധിച്ചാണു് ഞാനിപ്പോൾ പറഞ്ഞതു്. അടുത്തതു് അട്ടക്കുളങ്ങര ഹൈസ്കൂളാണു്. അതു തിരുവനന്തപുരം പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഒരു സ്കൂളായതുകൊണ്ടും അതിൽ ചേർന്നു പഠിക്കുന്നതിനു വിദ്യാർത്ഥികൾ ധാരാളമുണ്ടായിരുന്നതുകൊണ്ടും അവക്കു് അഡ്മിഷൻ എല്ലും കിട്ടാഞ്ഞതുകൊണ്ടു് അവക്കു പ്രയോജനമായിത്തീരുന്നതുകൊണ്ടും അവിടെ ഫോർത്ത്ഫാറത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിരുന്നതുകൊണ്ടും യാതൊരുപാധിയും കൂടാതെ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനു ഗവൺമെണ്ടു നിർബ്ബന്ധിതമായി. അതുപോലെതന്നെ കഴിമതിക്കാട്ടും അവർ ഒരു പ്രൈമറിസ്കൂൾ നടത്തിക്കൊണ്ടിരുന്നു. അവിടെ ഹൈസ്കൂൾ അനുവദിച്ചുതോട്ടുകൂടി അതിലേക്കു പ്രൈമറിസ്കൂൾ കെട്ടിടം വിട്ടുകൊടുക്കുകയും അതു ഹൈസ്കൂളിന്റെ ആവശ്യത്തിലേക്കു നൽകിയതായി അതു നടത്തിവന്നിരുന്ന അധികാരികൾ സമ്മതിക്കയും ചെയ്തു. അതേസമയം പ്രൈമറി സ്കൂളിനു് ആവശ്യമായ കെട്ടിടങ്ങൾ അവർതന്നെ കെട്ടിക്കൊള്ളാം എന്നു സമ്മതിക്കയും ചെയ്തിട്ടുണ്ട്. അടുത്തതായി ചിറയഴീക്കൽ സ്കൂളിനെ സംബന്ധിച്ചാണു്. അതു് ഒരു കടൽത്തീരപ്രദേശമായതുകൊണ്ടു് തീരദേശവാസികളായ ജനങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസവിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗവൺമെണ്ടുതന്നെ അനുവദിച്ചിട്ടുള്ളതാണു്. അതേ അവസരത്തിൽതന്നെ അവക്കു പതിനായിരം രൂപാ കെട്ടിവെക്കുന്നതിനുതക്ക കഴിവില്ല എന്നുള്ള സംഗതിയും ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുള്ളതുകൊണ്ടും എന്നാൽ അവരെ ഉയർന്ന വിദ്യാഭ്യാസത്തിലേക്കു പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണെന്നു കരുതിയതുകൊണ്ടുമാണു് ഇങ്ങനെ ഉപാധികൾ കൂടാതെ അനുവദിച്ചിട്ടുള്ളതു്.

ശ്രീ. പി. നാണു: മറ്റു സ്കൂളുകൾക്കും ഇതുമാതിരി സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയുള്ള സൗജന്യങ്ങൾ അർഹിക്കുന്ന കാര്യങ്ങൾ വന്നാൽ അതേപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: മാവേലിക്കര, ചുനക്കര എന്ന സ്ഥലത്തു് ഒരു ഹൈസ്കൂൾ അനുവദിക്കണമെന്നും കെട്ടിടങ്ങൾ കെട്ടിക്കൊടുക്കാമെന്നും അവിടത്തെ നാട്ടുകാർ ഗവൺമെണ്ടിനെ അറിയിച്ചിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെയുണ്ടെങ്കിൽ അതേപ്പറ്റി ഗവ ൺമെണ്ട് ആലോചിക്കുന്നതാണ്.

ശ്രീ. എസ്സ്. കുട്ടൻ : ഈ പതിനായിരം രൂപാ മനസ്സിലാക്കി കെട്ടിവെക്കണമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു ചില നിർദ്ദേശങ്ങളെല്ലാം ഉണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഈ പതിനായിരം രൂപാ കെട്ടിവെക്കുന്നതെന്തിനാണെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സ്കൂളിന്റെ സുരക്ഷിതമായ നടത്തിപ്പിനും മറ്റുപകരണങ്ങൾ സജ്ജീകരിക്കുന്നതിനും വേണ്ടിയാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഗവൺമെണ്ടിൽനിന്നും ഈ സജ്ജീകരണങ്ങളെല്ലാം നടത്തുന്നതു് എന്തിനാണ് ? ഇങ്ങനെ രൂപാ വാങ്ങി സജ്ജീകരണങ്ങൾ നടത്തി ചിലരെ പഠിപ്പിക്കുന്നതാണോ ഗവൺമെണ്ടിന്റെ നയം ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഡിവിഷൻ ഇൻസ്പെക്ടരുടെ റിപ്പോർട്ടിനെ അവഗണിച്ചാണോ ഈമാതിരി അനുവാദം കൊടുത്തിട്ടുള്ളതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല. പൊതുവേയുള്ള സംഗതിയെപ്പറ്റി പറയുവാനേ നിവൃത്തിയുള്ളൂ.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഈ പതിനായിരം രൂപാ കെട്ടിവെക്കണമെന്നു ഗവൺമെണ്ട് പറയുന്നതു് ഏതു നയത്തെ അടിസ്ഥാനമാക്കിയാണെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് വിദ്യാഭ്യാസനയംതന്നെയാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഇങ്ങനെ പതിനായിരം രൂപാ കെട്ടിവെക്കണം എന്നുള്ള നയം ഇതിനുമുമ്പു ഗവൺമെണ്ട് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ സ്വീകരിച്ചിട്ടുണ്ടായിരുന്നോ എന്നു് എന്റെ മുമ്പടിയിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : മനസ്സിലായില്ല, സാർ.

ശ്രീ. ടി. കെ. നാരായണപിള്ള : ഏതാനും ഉപാധികളിൽ മാത്രമേ ഈ ഹൈസ്കൂളുകൾ അനുവദിച്ചുകൊടുക്കാവുള്ളൂ. എന്നാൽ ചില പ്രത്യേകപരിതഃസ്ഥിതികളിൽ മാത്രമാണ് ഇപ്പോഴത്തെ ഉപാധികൾ ഏർപ്പെടുത്തുവാൻ ഇടയായിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറക്കൽ : അങ്ങനെ ഒരു തീരുമാനം എന്നുണ്ടായതാണെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സ്കൂളുകൾ അനുവദിക്കുന്നതിനായി നൂറിൽ ചിലപ്പോൾ അപേക്ഷകൾ ഉണ്ടായിരുന്നു. അതെല്ലാം ഗവൺമെണ്ടു പരിഗണിച്ചസമയത്തു് ഈമാതിരിയുള്ള ഉപാധികളും വ്യവസ്ഥകളും ആവശ്യമാണെന്നു ഗവൺമെണ്ടിനു തോന്നി.

ശ്രീ. കെ. ആർ. ഇലങ്കത്തു് : കൂടുതൽ സ്കൂളുകൾ അനുവദിക്കുന്നതിനു് ഇടയാക്കാതിരിക്കുന്നതിലേക്കാണോ ഇങ്ങനെ പതിനായിരം രൂപാ കെട്ടിവെക്കണമെന്നു പറഞ്ഞിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : ചില സ്കൂളുകളിൽ കെട്ടിടം സൗകര്യമായി ഉണ്ടാക്കിട്ടുണ്ടെന്നു ഗവണ്മെണ്ടിനു ബോദ്ധ്യംവന്നിട്ടുള്ള ചില കേസുകളിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റ സ്കൂളുകൾക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളം മതലായവ കൊടുക്കാൻ മാനേജ്മെൻറിനുള്ള പ്രാപ്തിയേയും മറ്റും പരിഗണിച്ചാണോ കൊടുക്കുന്നതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : പരിഗണിക്കാറുണ്ടു്.

ശ്രീ. എ. താണുപിള്ള : അങ്ങനെ ഇപ്പോഴത്തെ ശമ്പളക്രമമനുസരിച്ചോ പഴയ ശമ്പളക്രമമനുസരിച്ചോ സ്കൂളുകൾ അനുവദിച്ചിട്ടുള്ളതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇന്നു നിലവിലിരിക്കുന്ന ശമ്പളക്രമമനുസരിച്ചു കൊടുക്കാൻ നിവൃത്തിയുള്ള മാനേജുമെൻറിനു മാത്രമേ സ്കൂളുകൾ അനുവദിച്ചിട്ടുള്ളൂ.

ശ്രീ. എ. താണുപിള്ള : അതായതു് ഇപ്പോൾ വർദ്ധിയിരിക്കുന്ന ശമ്പളക്രമമനുസരിച്ചു് ഇപ്പോൾ അനുവദിച്ചിട്ടുള്ള മറ്റു സ്കൂളുകളിൽ എത്ര സ്കൂളുകൾക്കു് ഗവണ്മെണ്ടു് സഹായം കൂടാതെ ശമ്പളം കൊടുക്കാൻ പ്രാപ്തിയുണ്ടു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ അനുവാദം കൊടുത്തസമയത്തു് പരിശോധിച്ചു ശമ്പളസ്കെയിൽ വന്നിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു് : വിദ്യാഭ്യാസവർഷം തുടങ്ങുന്നതിനുമുമ്പാണോ ഈ പതിനായിരം രൂപായും കെട്ടിവെക്കേണ്ടതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഏതാനും സ്കൂളുകൾക്കു് ഈ തുക തവണകളായി കെട്ടിവെച്ചാൽ മതിയെന്ന നിർദ്ദേശം നൽകിയിട്ടുണ്ടു്.

കർഷകരിൽനിന്നും കടംവാങ്ങിയ നെല്ലു്

*൧൪൨ (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിന്റെ അഭ്യർത്ഥനയനുസരിച്ചു് ൧൯൫൨ ചിങ്ങം, കന്നി മാസങ്ങളിൽ എത്രപറ നെല്ലു് കുട്ടനാട്ടു കർഷകർ കടമായി ഗവണ്മെണ്ടിലേക്കു നൽകി;

(ബി) കടം വാങ്ങിയ നെല്ലു് എന്നു തിരിയെ കൊടുക്കാമെന്നാണു് വ്യവസ്ഥ ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഈ ചോദ്യത്തിനുത്തരം തയാറായിട്ടില്ല.

അദ്ധ്യാപകരുടെ ശമ്പളസമീകരണം

*൧൪൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിപ്പാർട്ട്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരുടേയും, ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാരുടേയും ശമ്പളസ്കെയിൽ ഏകീകരിക്കുന്നതിനു് ഇതിനകം വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly